# മലങ്കര സഭാ ചരിത്രം

## യേശു ക്രിസ്തു

### സഭാ സ്ഥാപനം

മത്തായി: 16:16-20, യോഹ: 21:15-17
അ. പ്ര: 2:47, 9:31, 20:28 എഫേസ്യ: 1:22.

AD

37

വി. തോമ്മാ ശ്ലീഹാ മലങ്കരയിൽ ക്രിസ്തു മാർഗ്ഗം പ്രസംഗിച്ച് അനേകരെ ക്രിസ്തുമാർഗ്ഗത്തിൽ ചേർക്കുന്നു. കള്ളി, കാളിയാങ്കൽ, ശങ്കരപുരി, പകലോമറ്റം ബ്രാഹ്മണ കുടുംബങ്ങൾ ക്രിസ്തുമാർഗ്ഗത്തിൽ. മാലിയങ്കര, കോട്ടക്കാവ്, പാലൂർ, കോക്കമഗലം, നിരണം, കൊല്ലം, നിലക്കൽ, തിരുവാങ്കോട്/മലയാറ്റൂർ ? ഏഴരപ്പള്ളികൾ സ്ഥാപിക്കുന്നു.

വി. പത്രോസ് ശ്ലീഹാ; അന്ത്യോഖ്യാ സിംഹാസന സ്ഥാപനം.
അ. പ്ര: 13:26

52

മോർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വം. *(മൈലാപ്പൂർ. ഡിസംബർ 21)*

72

100

മണിക്കവാശകൻ എന്ന ഹിന്ദു പണ്ഡിതന്റെ ഉപദേശത്താൽ, 160 ൽ 96 കുടുംബങ്ങൾ വിണ്ടും ഹിന്ദുമതം സ്വീകരിക്കുന്നു.

കൊടുങ്ങല്ലൂർ രാജാവ് വീരരാഘവ ചക്രവർത്തി ക്രൈസ്തവർക്ക് 'ലോകപെരും ചെട്ടി' സ്ഥാനവും 'മണിഗ്രാമപ്പട്ടവും' നൽകുന്നു.

230

അലക്സാന്ത്രിയൻ പണ്ഡിതനായ പന്തേനോസിന്റെ ആഗമനം *(2-ആം നൂറ്റാണ്ട്)*

345

സിറിയൻ കുടിയേറ്റം.
അന്ത്യോഖ്യാ പാത്രിയർക്കീസ് മോർ ഒസ്താത്തിയോസിന്റെ നിർദ്ദേശാനുസരണം, മോർ യൗസേഫ് മെത്രാന്റെയും ക്നായിത്തോമ്മായുടെയും നേതൃത്വത്തിൽ 72 കുടുംബങ്ങൾ മലങ്കരയിൽ കുടിയേറിപ്പാർക്കുന്നു.

394

മോർത്തോമ്മാ ശ്ലീഹയുടെ തിരുശേഷിപ്പുകൾ ഉറാഹായിലേക്കു *(എഡേസ്സ)* മാറ്റപ്പെട്ടു. (ജുലായ് 3)

522

അലക്സാന്ത്രിയാക്കാരൻ 'കോസ്മസ് ഇൻഡിക്കോപ്ലസററസ്' എന്ന സഞ്ചാരിയുടെ സന്ദർശനം.

696

അലക്സാന്ത്രിയാക്കാരനായ യാക്കോബായ മെത്രാന്റെ ആഗമനം

822

പേർഷ്യൻ യാക്കോബായ പിതാക്കന്മാരായ മോർ സാബോർ, മോർ ഫ്രോത്ത് എന്നിവരുടെ ആഗമനം.

1306

റോമൻ മിഷ്യനറിമാരായ ജോൺ ഡി. മോൺഡികാവിനൊ, ജോർഡാന്നൂസ് മുതലായവരുടെ സന്ദർശനം.

1490

നെസ്തോറിയ ഭരണം. നെസ്തോറിയ ബിഷപ്പുമാരായ തോമ്മാ, യോഹന്നാൻ, യാബാലാഹാ, യാക്കോബ്, ദനഹ, എന്നിവരുടെ ആഗനം.

പോർത്തുഗീസ് നാവികനും സഞ്ചാരിയുമായ വാസ്കോ ഡി. ഗാമയുടെ ആഗമനം.

1498

1599

ഗീവറുഗ്ഗീസ് അർക്കദിയാക്കോന്റെ *(അങ്കമാലി)* മരണവും തോമ്മാ അർക്കദിയാക്കോന്റെ സ്ഥാനാരോഹണവും.

റോമ്മാ ഭരണം: റോമ്മാ മെത്രാൻ അലക്സീസ്.ഡി. മെനസീസിന്റെ ആഗമനം. ഉദയമ്പേരൂർ സുന്നഹദോസ്. പോർത്തുഗീസ് പട്ടാളത്തിന്റെ സഹായത്തോടെ എടുത്ത തീരുമാനങ്ങൾ.

1637

1653

അന്ത്യോഖ്യായുടെ വി. ഇഗ്നാത്തിയോസ് അഹത്തുള്ള ബാവായുടെ ആഗമനവും രക്തസാക്ഷിത്വവും. *(മകരം.3)*

## 1653 കൂനൻ കുരിശു സത്യം.

തോമ്മാ അർക്കദിയാക്കോന്റെയും ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെയും നേതൃത്വത്തിൽ, മട്ടാഞ്ചേരിയിൽ കൂടിയ 25,000 സുറിയാനി ക്രിസ്ത്യാനികൾ എടുത്ത സത്യപ്രതിജ്ഞ.

തങ്ങളുടെ പാത്രിയർക്കീസിനെ അറുംകൊലചെയ്ത പറങ്കികളെയും, റോമ്മാ ബിഷപ്പിനെയും റോമ്മാസഭയെയും ഇനിയൊരിക്കലും സ്വീകരിക്കില്ലെന്നും മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവയുടെ സ്താത്തിക്കോൻ പ്രകാരം തോമ്മാ അർക്കദിയാക്കോനെ എപ്പിസ്ക്കോപ്പായായി വഴിച്ച് പുരാതനമായും കറകൂടാതെയുമുള്ള ക്രമങ്ങൾ പ്രകാരം നടക്കുമെന്നും നിശ്ചയിച്ച്, പടിയോലയും എഴുതി, മട്ടാഞ്ചേരിക്കമ്പോളത്തിലെ കൽക്കുരിശിൽ (കൂനൻ കുരിശ്) കയറുകെട്ടി അതിന്മേൽ പിടിച്ച് ഒന്നായിട്ടും ഏകസ്വരത്തിലും മേൽ വാചകം ചൊല്ലി സത്യംചെയ്തു. (1653 മകരമാസം 3-ാം തീയതി വെള്ളിയാഴ്ച.)

1656

പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരുടെയും കടവിൽ ചാണ്ടിക്കത്തനാരുടെയും കൂറുമാറ്റം. പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ 'അലക്സാണ്ടർ ഡി. കാംബൊ' എന്ന നാമധേയത്തിൽ കേരളത്തിൽ നിന്നുള്ള ആദ്യത്തെ കത്തോലിക്കാ മെത്രാനായി സ്ഥാനമേൽക്കുന്നു. *(പഴയകൂർ)*

കർമ്മലീത്താ മിഷ്യനറിമാരായ ജോസഫ് സെബസ്ത്യാനി, വിൻസെൻറ് എന്നിവരുടെ ആഗമനം.

പോർത്തുഗീസ് പട്ടാളത്തിന്റെ ബലത്തിൽ, പുരാതന വിശ്വാസത്തിൽ ഉറച്ചുനിന്നവർ പുതിയകൂറുകാരും, മലങ്കരയിൽ പറങ്കികൾ പുതുതായി കൊണ്ടുവന്ന കത്തോലിക്കാ വിശ്വാസത്തിലേയ്ക്ക് കൂറുമാറിയവർ പഴയകൂറുകാരുമായിത്തീർന്നു.

മലങ്കര സുറിയാനി ക്രിസ്ത്യാനികളിൽ 400 കുടുംബങ്ങളൊഴികെയുള്ളവർ, പ. അന്ത്യോഖ്യാ സിംഹാസനത്തിനു കിഴിൽ പുരാതന വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നു. *(പുതിയകൂർ)*

1661

ഡച്ചുകാരുടെ വരവും പോർച്ചുഗീസുകാരുടെ പാലായനവും.

തോമ്മാ അർക്കദിയാക്കോനെ മോർത്തോമ്മാ ഒന്നാമൻ *(അങ്കമാലിപ്പള്ളി)* എന്നപേരിൽ മോർ ഗ്രീഗോറിയോസ് ബാവ വാഴിക്കുന്നു.

1665

മോർ ഇഗ്നാത്തിയോസ് അബ്ദുൾ മിശിഹാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശാനുസരണം യെരുശലേം പാത്രിയർക്കീസായ അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവയുടെ *(വ. പറവൂർപള്ളി)* ആഗമനം.

മോർത്തോമ്മാ ഒന്നാമനും മോർ ഗ്രീഗോറിയോസ് ബാവയും ചേർന്ന് മോർത്തോമ്മാ രണ്ടാമനെ *(നിരണം പള്ളി)* വാഴിക്കുന്നു.

1685

മോർ അന്ത്രയോസ് ബാവയുടെ *(കല്ലട പള്ളി)* ആഗമനം.

കിഴക്കിന്റെ മഫ്രിയാനായായ പ. ബസ്സേലിയോസ് യൽദോ ബാവ *(കോതമംഗലം മർത്തോമ്മൻ ചെറിയപള്ളി)*, മോർ ഈവാനിയോസ് *(മുളന്തുരുത്തിപ്പള്ളി)*, മത്തായി റമ്പാൻ എന്നിവർ മലങ്കരയിലെത്തുന്നു.

മോർത്തോമ്മാ മൂന്നാമനെ *(കടമ്പനാട് പള്ളി)* മോർ ഈവാനിയോസ് ബാവാ വാഴിക്കുന്നു.

1687

1688

മോർത്തോമ്മാ നാലാമനെ *(കണ്ടനാട് പള്ളി)* മോർ ഈവാനിയോസ് ബാവാ വാഴിക്കുന്നു.

1708

മോർത്തോമ്മാ നാലാമന്റെ നിര്യാണത്തെ തുടർന്ന് മോർത്തോമ്മാ അഞ്ചാമൻ *(നിരണം പള്ളി)* സ്ഥാനം ഏറ്റെടുക്കുന്നു.

1728

നെസ്തോറിയ കാതോലിക്കായുടെ ആജ്ഞാനുസരണംമോർഗബ്രിയേൽ മെത്രാന്റെ ആഗമനം.

1746

മോർ ഇഗ്നാത്തിയോസ് ഗീവറുഗീസ് തൃതിയൻ പാത്രിയർക്കീസ് ബാവ യൂഹാനോൻ മോർ ഈവാനിയോസ് ബാവായെ മലങ്കരക്ക് അയക്കുന്നു.

ശക്രള്ളാ മോർ ബസ്സേലിയോസ് മഫ്രിയാനാ *(കണ്ടനാട് പള്ളി)*, മോർ ഗ്രീഗോറിയോസ് *(മുളന്തുരുത്തി)*, മോർ ഈവാനിയോസ് *(ചെങ്ങന്നൂർ)* എന്നിവർ മലങ്കരയിൽ എത്തുന്നു.

1751

1761

മർത്തോമ്മാ അഞ്ചാമൻ നിരണത്തുവച്ച് ആറാം മർത്തോമ്മക്ക് *(മോർ ദിവന്നാസ്യോസ് 1, പുതിയകാവ്)* സ്ഥാനം നൽകുന്നു.

മോർ ഗ്രീഗോറിയോസും മോർ ഈവാനിയോസും ചേർന്ന് മോർത്തോമ്മാ ആറാമനെ മോർ ദീവന്നാസ്യോസ് ഒന്നാമൻ എന്നപേരിൽ വാഴിക്കുന്നു.

1770

1774

മോർ ഗ്രിഗോറിയോസ് ബാവായിൽ നിന്നും പട്ടമേറ്റ കാട്ടുമങ്ങാട്ട് മോർ കൂറീലോസ് തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭ രൂപീകരിക്കുന്നു.

1796

തിരുവതാംകൂർ രാജാവിന്റെ സേവകനായിരുന്ന മാത്തുതരകന്റെ ഉപദ്രവം മൂലം മോർ ദീവന്നാസ്സിയോസ് ഒന്നാമനെ 25000 രൂപയുടെ കള്ളക്കേസ്സിൽ കുടുക്കുകയും അനുകൂല സാഹചര്യങ്ങൾ അല്ലാതിരുന്നതിനാൽ അദ്ദേഹം ചെങ്ങന്നൂർ വച്ച് മോർത്തോമ്മാ ഏഴാമനെ (*(കോലഞ്ചേരി)* വാഴിക്കുന്നു.

1809

കോലഞ്ചേരിപള്ളിയിൽ വച്ച് മോർത്തോമ്മാ എട്ടാമൻ *(പുത്തൻകാവ്)* സ്ഥാനം ഏറ്റെടുക്കുന്നു.

**1931**

സമാധാനത്തിനു വേണ്ടി എന്തു വിട്ടുവീഴ്ച്ചക്കും തയ്യാറായ പ. പിതാവിനെ, നിയമവിരുദ്ധമായി വാഴിച്ച കാതോലിക്കയെ നിരുപാധികം സ്വീകരിക്കണം എന്ന മാർ ദീവന്നാസ്യോസിൻെറ നിർബന്ധ ബുദ്ധി വളരെയധികം വേദനിപ്പിക്കുന്നു.

പ. ഏലിയാസ് തൃതിയൻ ബാവ മലങ്കരയിൽ എഴുന്നള്ളി, വട്ടശ്ശേരിൽ ദീവന്നാസ്യോസിൻെറ മുടക്കു തീർക്കുന്നു.

**1932**

സമാധാനത്തിൻെറ രക്തസാക്ഷിയായി പ. മോറാൻ ഏലിയാസ് തൃതിയൻ ബാവ, കാലം ചെയ്തു മഞ്ഞനിക്കരയിൽ കബറടക്കപ്പെടുന്നു.

പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് വാഴിക്കപ്പെടുന്നു.

**1933**

മൂന്നാം കാതോലിക്കാ സമാധാന ചർച്ചയ്ക്കായി ഹോംസിലേക്കു പോകുന്നു.

**1934**

മെത്രാൻ കക്ഷിക്കാർ കോട്ടയം പഴയ സെമിനാരിയിൽ കൂടി അവരുടെ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കുകയും ഒരു ഭരണഘടന ഉണ്ടാക്കുകയും ചെയ്യുന്നു.

ബാവാ കക്ഷിക്കാർ കിരിങ്ങാശ്ര പള്ളിയിൽ യോഗം കൂടി പൗലൂസ് മോർ അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കുന്നു.

ബാവാ കക്ഷി ട്രസററിമാർ ചേർന്ന് കോട്ടയം ജില്ലാക്കോടതിയിൽ 'സമുദായ ക്കേസ് ' ഫയൽ ചെയ്തു. ജില്ലാക്കോടതി മെത്രാൻ കക്ഷിക്കനുകൂലമായും, തിരുവതാംകൂർ കോടതി, തിരു..കൊച്ചി ഹൈക്കോടതി (1951) കേരള ഹൈക്കോടതി (1956) എന്നിവ ബാവ കക്ഷിക്കനുകൂലമായും വിധികൾ പുറപ്പെടുവിച്ചു.

**1938**

വൈലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ്, പൗലൂസ് മോർ സേവേറിയോസ് തിരുമേനിമാർ വാഴിക്കപ്പെടുന്നു.

**1946**

'സത്യവിശ്വാസ സംരക്ഷകൻ' പൗലൂസ് മോർ അത്താനാസിയോസ് കാലം ചെയ്തു അലുവ തൃക്കുന്നത്തു സെമിനാരിയിൽ അടക്കപ്പെടുന്നു.

**1951**

**1953**

ഏബ്രഹാം മോർ ക്ളീമ്മീസ് *(ക്നാനായ)* പൗലൂസ് മോർ പീലക്സീനോസ് *(കണ്ടനാട്)* തിരുമേനിമാർ വാഴിക്കപ്പെടുന്നു.

മണർകാട് പള്ളിയിൽ കൂടിയ പള്ളിപ്രതിപ്പുരുഷ യോഗം എബ്രഹാം മോർ ക്ളീമ്മീസ് തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കുന്നു.

**1956**

'മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹം' മീഖായേൽ മോർ ദീവന്നാസ്യോസ് കാലം ചെയ്ത് പാണമ്പടി പള്ളിയിൽ അടക്കപ്പെടുന്നു.

**1957**

പ. അപ്രേം ഒന്നാമൻ ബാവ കാലം ചെയ്യുകയും, മലങ്കരയിൽ 12 വർഷക്കാലം താമസിച്ചിരുന്ന പ. യാക്കോബ് മൂന്നാമൻ ബാവ പ.സിംഹാസനത്തിലേക്ക് വാഴിക്കപ്പെടുകയും ചെയ്യുന്നു.

സമുദായക്കേസ് മെത്രാൻ കക്ഷിക്കനുകൂലമായി വിധിക്കുന്നു.

**1958**

പുത്തൻകാവ് പള്ളി പ്രതിപുരുഷയോഗം.

മെത്രാൻ കക്ഷിയിലെ മോർ ബസ്സേലിയോസ് ഗീവർഗ്ഗീസ് രണ്ടാമനെ പ. പാത്രിയർക്കീസ് ബാവ സ്വീകരിക്കുന്നു.

പ. പാത്രിയർക്കീസ് ബാവായെ 'ഭരണഘടനക്കു വിധേയനായി' സ്വീകരിക്കുന്നു എന്ന പ്രയോഗം, പുത്തൻ കാവ് യോഗത്തിൽ പ. പാത്രിയർക്കീസ് ബാവായെ അനുസ്മരിക്കാതിരുന്നത്, യോഗത്തിൽ കാതോലിക്കോസ് ഏകപക്ഷീയമായി പ്രഖ്യാപിച്ച മെത്രാൻ കക്ഷിക്കാരെ മാത്രം സഭാ ഭാരവാഹികളായി തിരഞ്ഞെടുത്തത്, സിംഹാസനപ്പള്ളികൾ കൈയ്യേറാനുള്ള ശ്രമങ്ങൾ, പ. പാത്രിയർക്കീസ് ബാവായോടാലോചിക്കാതുള്ള ഇടവക വിഭജനം എന്നിവ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കോട്ടയം കേന്ദ്രമായി 'അന്ത്യോഖ്യൻ സിറിയൻ മൂവ്മെൻറ്' സ്ഥാപിതമാകുന്നു.

**1959**

പൗലൂസ് മോർ പീലക്സീനോസ് തിരുമേനിയെ കാതോലിക്കോസ് നിരോധിക്കുന്നു.

**1960**

പ. പാത്രിയർക്കീസ് ബാവയെ കാതോലിക്കോസ് മലങ്കരയിലേക്കു ക്ഷണിക്കുന്നു.

മണർകാട്ടു, പീലക്സീനോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പള്ളിപ്രതിപ്പുരുഷയോഗം.

**1962**

മോർ ബസ്സേലിയോസ് ഗീവറുഗ്ഗീസ് രണ്ടാമൻ കാലം ചെയ്ത് ദേവലോകത്തു അടക്കപ്പെടുന്നു.

അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മോർ യൂലിയോസ് ബാവ കാലം ചെയ്ത് മഞ്ഞനിക്കരയിൽ അടക്കപ്പെടുന്നു.

**1963**

മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതിയൻ ബാവ മലങ്കരയിൽ എഴുന്നള്ളുന്നു.

 പ. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവ, ഔഗേൻ മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ കിഴക്കിൻെറ കാതോലിക്കയായി, മോർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ വാഴിക്കുകയും സഭയിൽ സമാധാനം പുനഃസ്ഥാപിക്കുകയും ചെയ്യുന്നു.

**1964**

ഔഗേൻ ബാവായുടെ വിശുദ്ധനാടു സന്ദർശനം. മൂസലിൽ വെച്ചു വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് പ. പാത്രിയർക്കീസ് ബാവ കാതോലിക്കാ ബാവയ്ക്ക് നൽകുന്നു

**1965**

വൈലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് കാലം ചെയ്ത് ആലുവാ സെമിനാരിയിൽ അടക്കപ്പെടുന്നു

ഔഗേൻ ബാവാ കോലഞ്ചേരിപ്പള്ളിയിൽ വെച്ച് പുതിയ മൂന്നു മെത്രാന്മാരെ വാഴിക്കുന്നു.

**1966**

ആഗസററ്.-9 നു കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ നിന്നും, നിയുക്ത കാതോലിക്കയുടെ അധിക്ഷേപകരമായ വാക്കുകളിൽ പ്രതിക്ഷേധിച്ച് 17 വിശ്വാസധീരർ വാക്കൗട്ട് നടത്തുന്നു.

**1972**

അന്ത്യോഖ്യാ പ്രതിനിധി മാർ തീമോത്തിയോസ് അപ്രേം ആബൂദി മലങ്കരയിൽ എത്തുന്നു.

സെപ്റ്റം.-26 നു , U.N.I വാർത്താ പ്രതിനിധികളുമായുള്ള അഭിമുഖത്തിൽ, മലങ്കര സഭ തികച്ചും സ്വതന്ത്രമായ ഒരു സഭയാണെന്നും, വി. തോമാശ്ലീഹായുടെ സിംഹാസനത്തിൽ ആണു താൻ ഇരിക്കുന്നതെന്നും, പാത്രിയർക്കീസ് തൻെറ അധികാരങ്ങൾ മലങ്കരസഭയിൽ സ്ഥാപിക്കുവാൻ ശ്രമിക്കുന്നു എന്നും കാതോലിക്കോസ് പ്രസ്താവിക്കുന്നു.

കോലഞ്ചേരി മെത്രാൻ വാഴ്ച്ചയിൽ പാത്രിയർക്കീസിൻെറ പേര് അമോലോഗ്യായിൽ നിന്നു നീക്കിയതും, പ. പിതാവിനെ വിസ്മരിച്ചതും, കാതോലിക്കോസിൻെറ കൽപ്പനകളിൽ 'മോർ തോമ്മാശ്ലിഹായുടെ സിംഹാസനത്തിൽ ആരൂഢനായ' എന്ന വിശേഷണം തിരുകിക്കയറ്റിയതും വീണ്ടും പ്രശ്നം സൃഷ്ടിക്കുന്നു.

മലങ്കരയിലെ വിവിധ ഭദ്രാസനങ്ങളിലെ വൈദീകരുടെ മെമ്മോറാണ്ടം എപ്പിസ്കോപ്പൽ സുന്നഹദോസിനു സമർപ്പിക്കുന്നു.

കോട്ടയത്ത് പാത്രിയർക്കാ ദിനാഘോഷവും വിശ്വാസ പ്രഖ്യാപനവും.

മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ കുമരകം ആറ്റാമംഗലം പള്ളിയിൽ കൂടി സഭാനേതാക്കളെ തിരഞ്ഞെടുക്കുന്നു.

**1973**

മെത്രാൻ കക്ഷിക്കാർ ഗവണ്മെൻറിൽ സ്വാധീനിച്ച്, അന്ത്യോഖ്യാ പ്രതിനിധിയുടെ വിസ റദ്ദാക്കി അദ്ദേഹത്തെ തിരിച്ചയയ്ക്കുന്നു

പ.പാത്രിയർക്കീസ് ബാവ കാതോലിക്കയോട് അദ്ദേഹത്തിനെതിരായ 13 ആരോപണങ്ങൾക്ക് വിശദീകരണം ആവശ്യപ്പെടുന്നു.

**1974**

 പ. പാത്രിയർക്കീസ് ബാവ, പരമ രക്ഷാധികാരിയായുള്ള പൗരസ്ത്യ സുവിശേഷ സമാജത്തിനായി കടവിൽ പൗലൂസ് മോർ അത്താനാസ്യോസ് തിരുമേനി വാഴിക്കപ്പെടുന്നു.

തോമസ് മോർ ദീവന്നാസ്യോസ് *(അങ്കമാലി)*, ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് *(കൊച്ചി)* കുറിയാക്കോസ് മോർ കൂറീലോസ് *(കൊല്ലം, നിരണം, തുമ്പമൺ)* എന്നീ തിരുമേനിമാർ വാഴിക്കപ്പെടുന്നു.

കാതോലിക്കോസിനു മേൽ ആരോപണങ്ങൾ ഉന്നയിക്കുവാനും തീർച്ച ചെയ്യുവാനുമുള്ള അധികാരം പാത്രിയർക്കീസിനില്ല എന്ന് മലങ്കര സുന്നഹദോസ് സെക്രട്ടറി പ. പാത്രിയർക്കീസ് ബാവക്കു മറുപടി കൊടുക്കുന്നു.

പ. പാത്രിയർക്കീസ് ബാവ വീണ്ടും കാതോലിക്കോസിനോടു വിശദീകരണം ആവശ്യപ്പെടുന്നു.

മെത്രാൻ കക്ഷിയിലെ 6 മെത്രാന്മാർ ചേർന്ന് പ. പിതാവിന്, മലങ്കര സഭ ഒരു 'ഓട്ടോ സെഫാലസ്' സഭയാണന്നും, പാത്രിയർക്കീസ് മലങ്കരസഭയുടെ 'ഓട്ടോണമി' നശിപ്പിച്ചെന്നും മറ്റും മറുപടി കൊടുക്കുന്നു.

കാതോലിക്കോസും, നിയുക്ത കാതോലിക്കയും ചേർന്ന്, മലങ്കരയിലെ 1064 പള്ളികളേയും ഉൾക്കൊള്ളിച്ചുകൊണ്ട് 'സമുദായക്കേസ്' ഫയൽ ചെയ്യുന്നു.

**1975**

പ. പാത്രിയർക്കീസ് ബാവ കാതോലിക്കോസിനെ സസ്പെൻഡ് ചെയ്യുന്നു.

മലങ്കരയിൽ നിന്ന് പ്രതിനിധി സംഘം പ. പാത്രിയർക്കീസ് ബാവയെ സന്ദർശിച്ച് സ്ഥിതിഗതികൾ വിശദീകരിക്കുന്നു.

ആകമാന സുറിയാനി സഭയുടെ പ. സുന്നഹദോസു കൂടി, കാതോലിക്കായേയും അദ്ദേഹത്തിൻെറ മെത്രാന്മാരെയും സഹവർത്തികളേയും വി. സഭയുടെ സംസർഗ്ഗത്തിൽനിന്നും വിഛേദിച്ച് മുടക്കുന്നു.

പ. പിതാവ്, 16.02.75..ൽ കാതോലിക്കോസ് നടത്തിയ 5 മെത്രാന്മാരുടെ വാഴ്ച്ചയിൽ സംബന്ധിച്ച മെത്രാൻ കക്ഷിയിലെ എല്ലാ മെത്രാന്മാരെയും നിരോധിക്കുന്നു.

യാക്കൂബ് മോർ യൂലിയോസ് *(സിംഹാസനപ്പള്ളികൾ)*, തോമസ് മോർ ഒസ്താത്തിയോസ് *(കോട്ടയം)* എന്നീ തിരുമേനിമാർ വാഴിക്കപ്പെടുന്നു.

പ. പാത്രിയർക്കീസ് ബാവ പൗലോസ് മോർ പീലക്സീനോസ് തിരുമേനിയെ, മോർ ബസ്സേലിയോസ് പൗലോസ് ദ്വിദിയൻ എന്നപേരിൽ പൗരസ്ത്യകാതോലിക്കയായി വാഴിക്കുന്നു.

ശാമുവേൽ മോർ പീലക്സീനോസ് തിരുമേനിയെ വാഴിക്കുന്നു.

മലങ്കര സഭാ അസ്സോസ്സിയേഷൻ തുരുത്തിശ്ശേരിയിൽ കൂടി ശ്രേഷ്ഠ കാതോലിക്ക ബാവയെ മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കുന്നു.

**1977**

സമുദായക്കേസ്, സാക്ഷി വിസ്താരം ആരംഭിക്കുന്നു.

**1978**

ആലുവ തൃക്കുന്നത്ത് സെമ്മിനാരി സംഭവം. മോർ ദീവന്നാസ്യോസ് തിരുമേനിയെ വിലങ്ങുവച്ച് സബ്ജയിലിലാക്കുന്നു. ജയിലിൽ തിരുമേനി നിരാഹാരവ്രതം ആരംഭിക്കുന്നു.

ഗ്രേറ്റ് മാർച്ച്: മലങ്കരയിലെ അനേക കേന്ദ്രങ്ങളിൽ നിന്നും തൃക്കുന്നത്ത് സെമ്മിനാരിയിലേക്ക്, 5 ദിവസം നീണ്ടുനിന്ന ജാഥയിൽ പതിനായിരക്കണക്കിനു ജനങ്ങളും, വൈദികരും, തിരുമേനിമാരും പങ്കെടുത്ത് അറസ്ററ് വരിക്കുന്നു.

ഗ്രേറ്റ് മാർച്ചിനെ തുടർന്ന് ആലുവ തൃക്കുന്നത്ത് സെമ്മിനാരിയിൽ ബാവാക്കക്ഷിക്ക് ആരാധനാസ്വാതന്ത്ര്യം അനുവദിക്കുകയും, കടവിൽ മോർ അത്താനാസ്സ്യോസ് തിരുമേനി വി. കുർബ്ബാന അർപ്പിച്ച്, അന്ത്യോഖ്യാസിംഹസനത്തിൻെറ കാവൽഭടന്മാരായിരുന്ന വന്ദ്യപിതാക്കന്മാരുടെ കബറിങ്കൽ ധൂപാർപ്പണം നടത്തുകയും മോർ ദിവന്നാസ്സ്യോസ് തിരുമേനി നിരാഹാരവ്രതം അവസാനിപ്പിക്കുകയും ചെയ്യുന്നു.

**1979**

യാക്കോബ് മോർ തീമോത്തിയോസ്, ഫീലിപ്പോസ് മോർ ഈവാനിയോസ്, തോമസ് മോർ തെയോഫിലോസ് എന്നിവരെ ശ്രേഷ്ഠ ബാവ വാഴിക്കുന്നു.

**1980**

സമുദായക്കേസ് കേരള ഹൈക്കോടതി ബാവാക്കക്ഷിക്കനുകൂലമായി വിധിക്കുന്നു.

ആകമാന സുറിയാനിസഭയുടെ പ. സുന്നഹദോസ്, മലങ്കരയുടെ ശ്രേഷ്ഠ കാതോലിക്കാബാവയുടെ അദ്ധ്യക്ഷതയിൽ ദമസ്ക്കോസിൽ കൂടി സഖാ മോർ സേവേറിയോസ് തിരുമേനിയെ പ. സിംഹാസനത്തിലേക്ക് തിരഞ്ഞെടുക്കുന്നു.

സമാധാന ദൂതനായിരുന്ന പ.യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്ത് ദമാസ്ക്കസ്സിൽ അടക്കപ്പെടുന്നു.

ପ.സിംഹാസനത്തിലെ 143-മത്തെ പാത്രിയർക്കീസ്സായി മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായെ, പൗരസ്ത്യ കാതോലിക്ക മോർ ബസ്സേലിയോസ് പൗലോസ് ദ്വിദിയൻ ബാവയുടെ പ്രധാന കാർമ്മികത്വത്തിൽ വാഴിക്കുന്നു.

**1982**

പ. സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയുടെ മലങ്കര സന്ദർശനവും വി. മൂറോൻ കൂദാശയും

**1990**

സമുദായക്കേസ് കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് മെത്രാൻകക്ഷിക്കനുകൂലമായി വിധിക്കുന്നു.

**1995**

സമുദായക്കേസ് സുപ്രീംകോടതി വിധി: പാത്രിയർക്കീസ് തലവനായുള്ള ആകമാനസുറിയാനി സഭയുടെ ഭാഗമാണു മലങ്കരസഭ എന്നും 1934ൽ മെത്രാൻകക്ഷി ഉണ്ടാക്കിയ ഭരണഘടന ജനാധിപത്യപരമായി ഭേദഗതി ചെയ്യണമെന്നും വിധിക്കുന്നു.

**1996**

സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പ. പാത്രിയർക്കീസ്ബാവക്ക് അംഗീകരിച്ചു കിട്ടിയ അധീശത്വം ഇല്ലാതാക്കാൻ ശ്രമിക്കുന്നവർക്കും, അന്ത്യോഖ്യായിലെ പ. പത്രോസിൻെറ സിംഹാസനത്തോട് കൂറും വിധേയത്വവും ഇല്ലാത്തവർക്കും യാക്കോബായ സുറിയാനിസഭയിൽ സ്ഥാനമില്ല എന്ന് ശ്രേഷ്ഠ കാതോലിക്കാബാവ പ്രഖ്യാപിക്കുന്നു.

അന്ത്യോഖ്യാമലങ്കര ബന്ധത്തിൻെറ കാവൽ ഭടനായിരുന്ന ശ്രേഷ്ഠകാതോലിക്ക മോർ ബസ്സേലിയോസ് പൗലോസ് ദ്വിദിയൻ കാലംചെയ്ത് മലേക്കുരിശിൽ അടക്കപ്പെടുന്നു.

**1999**

പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസിഡൻറായി പ്രവർത്തിച്ചിരുന്ന ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് കാലം ചെയ്ത് പെരുമ്പള്ളിപള്ളിയിൽ അടക്കപ്പെടുന്നു.

യാക്കോബായ സുറിയാനി സഭയിൽ നിന്നും 4 മെത്രാന്മാർ മാതൃസഭയെവിട്ട് മെത്രാൻകക്ഷിയിലേക്ക് കൂറുമാറിപ്പോകുന്നു.

**2000**

ପ. പാത്രിയർക്കീസ് ബാവയുടെ രണ്ടാം ഭാരത സന്ദർശനം. കിഴക്കിൻെറ വലിയ മെത്രാപ്പോലിത്ത എബ്രഹാം മോർ ക്ളീമ്മീസ് തിരുമേനിയുടെ മെത്രാഭിഷേക സുവർണ്ണ ജുബിലിയിൽ പങ്കെടുക്കുവാൻ പ. ബാവ മലങ്കരയിലെത്തുന്നു.

പുത്തൻ കുരിശിൽ ചേർന്ന അഖിലമലങ്കര പള്ളിപ്രതിപുരുഷയോഗം തോമസ് മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ നിയുക്ത കാതോലിക്കയായി തിരഞ്ഞെടുക്കുന്നു.

**2002**

സമാന്തരമായി പുത്തൻകുരിശിൽ ബാവാക്കക്ഷിക്കാർ യോഗം ചേർന്ന് നിയുക്ത കാതോലിക്കയെ ശ്രേഷ്ഠകാതോലിക്കയായി വാഴിക്കുവൻ പ. സിംഹാസനത്തിങ്കലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിക്കുന്നു

മെത്രാൻകക്ഷിയുടെ മാത്യൂസ് ദ്വിദിയൻ കാതോലിക്കയെ, സഭയിലെ ഇരു വിഭാഗത്തെയും ഉൾക്കൊള്ളിച്ചുകൊണ്ട്, സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ വിളിച്ചുകൂട്ടുവാനും മലങ്കരമെത്രാപ്പോലീത്തായെയും മറ്റുസഭാഭാരവാഹികളെയും ജസ്റ്റിസ് മളിമഠിൻെറ നിരീക്ഷണത്തിൽ തിരഞ്ഞെടുക്കുവാനും ബഹു. സുപ്രീംകോടതി ചുമതലപ്പെടുത്തുന്നു. എന്നാൽ ബാവാക്കക്ഷിയെ ക്രമപ്രകാരം അറിയിക്കാതെയും തിരഞ്ഞെടുപ്പിൻെറ സാമാന്യനീതിപോലും പുലർത്താതെയും പരുമലയിൽ വച്ച് നടത്തിയ യോഗം ബാവാക്കക്ഷി ബഹിഷ്ക്കരിക്കുന്നു.

നിയുക്തകാതോലിക്ക തോമസ് മോർ ദീവന്നാസ്യോസ് തിരുമേനിയെ പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ കിഴക്കിൻെറ കതോലിക്കയായി ഡമാസ്ക്കസ്സിൽവെച്ച് വാഴിക്കുന്നു.

പുത്തൻകുരിശിൽ ചേർന്ന പള്ളിപ്രതിപുരുഷയോഗത്തിൽ സഭക്ക്, 'യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ ഭരണഘടന' എന്നപേരിൽ പുതിയ ഭരണഘടന പാസ്സാക്കി രജിസ്റ്റർ ചെയ്യുന്നു.

**2004**


ପ. പാത്രിയർക്കീസ് ബാവയുടെ മൂന്നാം മലങ്കരസന്ദർശനം. പ. പിതാവിൻെറ പാത്രിയർക്കാസ്ഥാനലബ്ദിയുടെ രജത ജൂബിലിയാഘോഷങ്ങൾക്ക് തുടക്കം കുറിക്കുവാൻ മലങ്കരയിലെത്തുന്നു.


**2005**

ପ. പിതാവിൻെറ പാത്രിയർക്കാസ്ഥാനലബ്ദിയുടെ രജതജൂബിലീസമാപനം ദമാസ്ക്കസ്സിൽ, സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരുടെയും സഹോദരസഭകളുടെ മേലദ്ധ്യക്ഷന്മാരുടെയും സാന്നിദ്ധ്യത്തിൽ വി. മൂറോൻ കൂദാശയോടെ സമംഗളം പര്യവസാനിച്ചു.

ପ. സഭയിൽനിന്നും മെത്രാൻ കക്ഷിയിലേക്കു കൂറുമാറിപ്പോയ എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത, അവരുടെ തനിനിറം മനസ്സിലാക്കി ബാവാക്കക്ഷിയിലേക്ക് തിരിച്ചുവരുന്നു.

മോർത്തോമ്മാ ശ്ലീഹാ ജനിപ്പിക്കുകയും പ. അന്ത്യോഖ്യാ സിംഹാസനം പരിപാലിച്ചു വളർത്തുകയും ചെയ്ത മലങ്കര യക്കോബായ സുറിയാനിസഭ, വിദേശപട്ടാളത്തിൻെറയും, രാജശക്തിയുടെയും സ്വാധീനവും, പത്രമാദ്ധ്യമങ്ങളുടെ പിന്തുണയും മറ്റും ഉണ്ടായിരുന്നില്ലെങ്കിലും, ക്ളേശങ്ങളിലും, പീഢനങ്ങളിലും, പ്രയാസങ്ങളിലും അടിപതറാതെ, പുർവ്വപിതാക്കന്മാർ പരിരക്ഷിച്ച സത്യവിശ്വാസത്തിൽനിന്ന് അണുവിട വ്യതിചലിക്കാതെ 'പാതാളഗോപുരങ്ങൾക്ക്' അപ്രാപ്യയായി 'ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹായുടെ' മണവാട്ടിയായി, അവൻെറ കൃപയിൽ, ഭാരതത്തിനു സത്യത്തിൻെറയും ത്യാഗത്തിൻെറയും മണിവിളക്കായ്, ഭാഗ്യവതിയായി പരിലസിക്കുന്നു.




*മലങ്കര മൽപ്പാൻ വന്ദ്യ. ഡോ. കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പായുടെ 'സുറിയാനി സഭ', ഡോ. ഡി.. ബാബുപോളിൻെറ 'സിറിയൻ ക്രിസ്ത്യൻസ് ഓഫ് സെൻറ് തോമസ്' എന്നീ കൃതികളിൽ നിന്നും ശേഖരിച്ചത്.*

**Prepared by : Davis Cherian Velamparampil.**